# റബർ കർഷകർക്ക് സെബാസ്റ്റ്യന്റെ ഉണക്കുപുര

Posted on: 05 May 2012



റബർഷീറ്റ് പുകപ്പുരയിൽ ഉണക്കിയെടുക്കുമ്പോഴുണ്ടാകുന്ന തീപ്പിടിത്തവും അപകടങ്ങളും ആലോചിച്ച് ബുദ്ധിമുട്ടിയിരുന്ന കർഷകർക്ക് ആശ്വാസമായി സെബാസ്റ്റ്യന്റെ പുതിയതരം റബർ ഉണക്കുപുര.കാസർകോട് വെള്ളരിക്കുണ്ടിലെ സെബാസ്റ്റ്യൻ അറയ്ക്കലാണ് രണ്ടുവർഷത്തോളം നീണ്ട പരീക്ഷണങ്ങളിലൂടെ ചെലവുകുറഞ്ഞതും സുരക്ഷിതവുമായ റബർ ഉണക്കുപുര വിജയകരമായി വികസിപ്പിച്ചെടുത്തത്.

സാധാരണയായി ഉപയോഗിക്കുന്ന പുകപ്പുരയിൽ റബർ ഉണങ്ങാൻ എട്ടു ദിവസം വരെ വേണം. ചൂടും കുറവായിരിക്കും. തീപ്പിടിത്തം ഉണ്ടായാൽ സംഭവിക്കുന്ന നഷ്ടവും കർഷകരെ എപ്പോഴും ആശങ്കയിലാഴ്ത്തുന്നു. ഇത്തരം പരാതികൾ വ്യാപകമായതോടെയാണ് താൻ സ്വന്തമായി പുതിയ രീതിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയതെന്ന് റബർ കർഷകൻ കൂടിയായ സെബാസ്റ്റ്യൻ പറയുന്നു. 2009 ലാണ് ഇതിനുവേണ്ടിയുള്ള ശ്രമം തുടങ്ങിയത്. രണ്ടുമാസം കൊണ്ട് പരീക്ഷണം വിജയം കണ്ടു. ഇതിനകം 14 പ്രാവശ്യം പുകപ്പുര പൊളിച്ചു കെട്ടേണ്ടിവന്നു.കർണാടകയിലെ സുള്ള്യയിലാണ് ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ നിർമിച്ചത്. അവിടെ 150 അടുപ്പുകൾ നിർമിച്ചു. കേരളത്തിൽ ആദ്യമായി വെള്ളരിക്കുണ്ടിലാണ് നിർമിച്ചത്. എല്ലാം വിജയകരമായി പ്രവർത്തിക്കുന്നു. ചുടുകട്ടയും ഹോളോ ബ്രിക്സും ഉപയോഗിച്ചാണ് സെബാസ്റ്റ്യന്റെ പുകപ്പുരയുടെ നിർമാണം. തറയുടെ മുകൾഭാഗത്ത് ചെറിയ ഭാഗം മാത്രമേ കാണാനാകൂ. ബാക്കി ഉള്ളിലാണ്. മുകൾ ഭാഗത്തുള്ള അറയിൽനിന്നുള്ള കുഴലുകളിലൂടെയാണ് പുകയും ചൂടും പുറത്തേക്ക് വരുന്നത്.

സാധാരണ പുകപ്പുരയിൽ 500 ഷീറ്റിന് ഒരു ദിവസം ഉപയോഗിക്കുന്ന വിറക് പുതിയ പുകപ്പുരയിൽ ഒരാഴ്ച ഉപയോഗിക്കാം. കുഴലിന് കരി ബ്ലോക്കും ഉണ്ടാകില്ല. ഷീറ്റിന് തീപ്പിടിക്കുക, ഉരുകുക, വിയർപ്പ് വെള്ളം വീഴുക തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നും പച്ച ഷീറ്റ് പോലും നേരിട്ട് പുകപ്പുരയിലേക്ക് കയറ്റാമെന്നും സെബാസ്റ്റ്യൻ പറയുന്നു. മൂന്നു ദിവസംകൊണ്ട് ഗ്രേഡ് ഷീറ്റ് ഉണ്ടാക്കാം. സ്ത്രീകൾക്കുപോലും എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പറ്റും. 500 മുതൽ 5000 ഷീറ്റ് വരെ ഉണക്കാനുള്ള അടുപ്പുകൾ നിർമിക്കുന്നുണ്ട്. നിലവിലുള്ള പുകപ്പുരയിലും പുതിയ അടുപ്പ് നിർമിക്കാനാകും. ആയുഷ്ക്കാല ഗ്യാരണ്ടിയും സെബാസ്റ്റ്യൻ നൽകുന്നു. ഇതിനകം 300 ഓളം

പുകപ്പുരകൾ നിർമിച്ചുകഴിഞ്ഞു. ഇതുവരെ പരാതിയൊന്നുമുണ്ടായിട്ടില്ലെന്ന് സെബാസ്റ്റ്യൻ പറയുന്നു. ഫോൺ: 9847832977, 9747048048.

സ്രോതസ്സ്: http://www.mathrubhumi.com